**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **06-12-2022 - ൽ മറുപടിയ്ക്ക്**

**തനത് നികുതി വരുമാനത്തിൽ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തികവർഷം ആദ്യ രണ്ടു പാദങ്ങളിൽ തനത് നികുതി വരുമാനത്തിൽ മികച്ച വളർച്ച കൈവരിക്കാനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ (എപ്രിൽ മുതൽ ജൂൺ വരെ) 7369.06 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ (എപ്രിൽ മുതൽ ജൂൺ വരെ) 12307.91 കോടി രൂപയും നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ 67.02% വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ (ജൂലൈ മുതൽ സെപ്റ്റംബർ വരെ) 10444.06 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ (ജൂലൈ മുതൽ സെപ്റ്റംബർ വരെ) 13739.68 കോടി രൂപയും നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 31.55 % വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ മുഖ്യ വരുമാന സ്രോതസ് മദ്യവും ലോട്ടറിയുമാണെന്ന് ചില കേന്ദ്രങ്ങൾ ആവർത്തിച്ച് പ്രസ്താവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറിയിൽ നിന്നുള്ള അറ്റലാഭം എത്രയായിരുന്നു; ലോട്ടറി വിതരണക്കാരായും വില്പനക്കാരായും എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്നുള്ള വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ; | (ബി) | ഉണ്ട്. 2021-22 സാമ്പത്തിക വർഷം ലോട്ടറി വില്പനയിൽ നിന്നുള്ള അറ്റലാഭം 559.64 കോടി രൂപയാണ്. ഭാഗ്യക്കുറി വകുപ്പിൽ ആകെ 98,175 രജിസ്റ്റേർഡ് ഏജന്റുമാരാണ് നിലവിലുള്ളത്. |
| (സി) | അർഹമായ നികുതി വിഹിതത്തിലും കേന്ദ്ര പദ്ധതി വിഹിതത്തിലും വെട്ടിക്കുറവ് വരുത്തുകയും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് | (സി) | ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രസ്താവിക്കുകയും ചെയ്ത നടപടി തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ